# പ്രബോധനത്തിലെ യുക്തിദീക്ഷ

**എം. എം. അക്ബർ**

പ്രബോധിതരുടെ മനസ്സിൽ മാറ്റത്തിന്റെ ആന്ദോളനങ്ങൾ സൃഷ്ടിക്കുന്നവയാകണം പ്രബോധന പ്രവർത്തനങ്ങൾ. ദൈവിക മാർഗത്തിലേക്ക് ക്ഷണിക്കുകയെന്ന ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിനായി ഒറ്റക്കും കൂട്ടായും പരിശ്രമിക്കുന്നവരെല്ലാം ഇതേക്കുറിച്ച് ബോധ്യമുള്ളവരാകേണ്ടതുണ്ട്. ദൈവ നിഷേധത്തിന്റെ അഹങ്കാരത്തിലും ബഹുദൈവാരാധനയുടെ അധമത്വത്തിലും നിമഗ്നമായ മനസ്സുകളെ ദൈവ സമർപണത്തിന്റെ ഔന്നത്യത്തിലേക്ക് നയിക്കുകയാണ് പ്രബോധകന്റെ കർത്തവ്യം. ഒരാൾക്ക് ചെയ്യാൻ കഴിയുന്നതിൽ ഏറ്റവും ശ്രേഷ്ടമായ കർമ്മമാണ് ദൈവ മാർഗത്തിലേക്കുള്ള ക്ഷണം. ഖുർആൻ പറയുന്നത് കാണുക.

‘‘അല്ലാഹുവിങ്കലേക്ക് ക്ഷണിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും തീർച്ചയായും ഞാൻ മുസ്‌ലിംകളുടെ കൂട്ടത്തിലാകുന്നു എന്ന് പറയു കയും ചെയ്തവനെക്കാൾ വിശിഷ്ടമായ വാക്ക് പറയുന്ന മറ്റാരുണ്ട്?’’ (41:33)

തങ്ങളുൾക്കൊള്ളുന്നത് സത്യത്തിൽ തന്നെയാണെന്നും ശാശ്വത നന്മയിലേക്ക് നയിക്കുന്ന ജീവിത രീതിയാണ് തങ്ങൾ നയിക്കുന്നതെന്നും കരുതുന്നവരാണ് മത വിശ്വാസികളിൽ അധികവും. പൂർവ്വികരിൽ നിന്ന് അനന്തരമെടുത്ത വിശ്വാസാചാര സംഹിതകളെല്ലാം അബദ്ധജഢിലമാണെന്ന് ഒരൊറ്റ നിമിഷം കൊണ്ട് അംഗീകരിപ്പിക്കുവാൻ കഴിയുക ദുഷ്കരമാണ്. സത്യമാണെന്ന് കരുതി പിൻപറ്റിപ്പോരുന്ന പ്രമാണങ്ങളെല്ലാം മിഥ്യയാണെന്നും നാശത്തിലേക്കാണ് അവ നയിച്ചുകൊണ്ടിരിക്കുന്നതെന്നും മനസ്സിലാക്കുവാനും ഉൾകൊള്ളുവാനും പ്രബോധിതന് സമയവും സാവകാശവും ആവശ്യമായിരിക്കും. ഈ രൂപത്തിൽ സാവകാശം നൽകി കൃത്യവും വ്യക്തവുമായ പ്രമാണങ്ങളുടെ വെളിച്ചത്തിൽ സത്യമതത്തിന്റെ മൗലികതയും സത്യതയും അയാളെ ബോധ്യപ്പെടുത്തുകയുമാണ് പ്രബോധകന്റെ കടമ. അയാളുടെ ബുദ്ധിയെ ഉദ്ദീപിപ്പിക്കുകയും യുക്തിബോധത്തെ സജീവമാക്കുകയും ചെയ്തുകൊണ്ട് തെറ്റുപറ്റാത്ത പ്രമാണങ്ങളുടെ വെളിച്ചത്തിൽ സംവദിക്കുന്നതിലൂടെ താൻ ഉൾകൊള്ളുന്ന വിശ്വാസ സംഹിതകളുടെ അടിസ്ഥാന രാഹിത്യവും ദൈവിക മതം മാത്രമാണ് സത്യമെന്ന യാഥാർത്ഥ്യവും അയാളെ ബോധ്യപ്പെടുത്തുവാൻ കഴിഞ്ഞേക്കും. വിജ്ഞാനത്തിന്റെയും പ്രമാണങ്ങളുടെയും ആയുധങ്ങൾ ഉപയോഗിച്ചുകൊണ്ടാണ് പ്രബോധിതരുടെ മനസ്സിൽ മാറ്റങ്ങൾ ഉണ്ടാക്കേണ്ടത് എന്നർത്ഥം.

പ്രബോധിത മനസ്സിൽ മാറ്റങ്ങളുണ്ടാക്കുന്നത് പടച്ചതമ്പുരാനാണ്. ആരെയും പരിവർത്തിപ്പിക്കുവാൻ നമുക്കാർക്കും കഴിയില്ല. നമ്മുടെ കടമ സത്യസന്ദേശം കലർപ്പില്ലാതെ എത്തിച്ചുകൊടുക്കുക മാത്രമാണ്. പ്രബോധിതനെക്കുറിച്ച് കൃത്യമായി അറിയാവുന്ന അല്ലാഹുവാണ് അവന്ന് മാർഗദർശനം നൽകുന്നത്. മനുഷ്യമനസുകളെക്കുറിച്ച് വ്യക്തവും സൂക്ഷ്മവുമായി അറിയാവുന്ന അല്ലാഹുവിനാണ് അവനിൽ മാറ്റമുണ്ടാവുക എങ്ങനെയാണെന്ന് കൃത്യമായി അറിയുക. നമ്മുടെ തന്ത്രങ്ങൾക്കും രൂപരേഖകൾക്കുമപ്പുറം അല്ലാഹുവിന്റെ മാർഗനിർദേശമാണ് ഈ രംഗത്ത് പിൻപറ്റേണ്ടത് എന്ന് പറയുന്നത് ഇതുകൊണ്ടാണ്. ദൈവമാർഗനിർദേശത്തിന്റെ വരുധിക്കുള്ളിൽ നിന്നു കൊണ്ടുള്ള പ്രബോധന സംരംഭങ്ങൾക്കുമാത്രമെ വിജയംകണ്ടെത്താൻ കഴിയൂ.

ഇസ്‌ലാമിക പ്രബോധനത്തിന്റെ രീതിശാസ്ത്രമെന്താണെന്ന് ഖുർആൻ തന്നെ നമ്മെ പഠിപ്പിക്കുന്നുണ്ട്. ‘യുക്തിദീക്ഷയോടുകൂടിയും സദുപദേശം മുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് നീ ക്ഷണിച്ചു കൊള്ളുക’(16:125)യെന്നാണ് ഖുർആനിന്റെ നിർദേശം. യുക്തി ദീക്ഷയെന്ന് ഇവിടെ പരിഭാഷപ്പെടുത്തിയിരിക്കുന്നത് ‘ഹിക്മത്ത്’ എന്ന അറബി പദത്തെയാണ്.വിജ്ഞാനം, തത്വജ്ഞാനം എന്നിങ്ങനെയും ഈ പദത്തിനർത്ഥമുണ്ട്. പ്രബോധിത മനസ്സിൽ മാറ്റമുണ്ടാക്കുവാൻ അറിവും പ്രമാണങ്ങളുമാണ് ഉപയോഗിക്കപ്പെടേണ്ടതെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. യുക്തിദീക്ഷകൊണ്ട് ഖുർആനും സദുപദേശംകൊണ്ട് നബിചര്യകളുമാണ് വിവക്ഷിക്കപ്പെട്ടിരിക്കുന്നതെന്ന് വ്യാഖ്യാനിച്ച പണ്ഡിതന്മാരുണ്ട്. ഏതായിരുന്നാലും സത്യമതത്തിൻെറ മൗലികത ബോധ്യപ്പെടുത്തുന്ന വിധത്തിൽ പ്രബോധിതൻെറ യുക്തിബോധത്തെ ഉദ്ദീപിപ്പിക്കാൻ അറിവും പ്രമാണവുമുപയോഗിക്കുകയാണ് പ്രബോധകർ ചെയ്യേണ്ടതെന്ന കാര്യത്തിൽ പക്ഷാന്തരമില്ല. നമുക്ക് പറയാനുള്ളതെന്താണെന്ന് കൃത്യമായി പറയാതെ ആരുടെയും മനസിൽ മാറ്റമുണ്ടാക്കാനാവി

ല്ല. ഹൃദയത്തിന് വെളിച്ചം നൽകുന്ന രീതിയിലുള്ള സദുപദേശങ്ങളും താനുൾക്കൊള്ളുന്ന വിശ്വാസ പ്രമാണങ്ങളുടെ അർത്ഥരാഹിത്യം ബോധ്യപ്പെടുത്തുന്ന സംവാദങ്ങളുമെല്ലാം വഴി സത്യമതപ്രബോധനമാകണമെന്നാണ് ഖുർആനിന്റെ അനുശാസന.

യുക്തിദീക്ഷയോടുകൂടിയാകണം പ്രബോധനമെന്ന് ഖുർആൻ പറഞ്ഞതിൽനിന്ന് പ്രബോധിതർക്ക് ഇഷ്ടമില്ലാത്ത കാര്യങ്ങളൊന്നും പ്രബോധകർ പറയാൻ പാടില്ലെന്ന് മനസിലാക്കിക്കൂടാ. പ്രബോധനരംഗത്ത് വിശ്വാസികളുടെയെല്ലാം മാതൃക പ്രവാചകന്മാരാണ്. സമൂഹത്തിന് ഇഷ്ടമില്ലാത്ത കാര്യങ്ങൾ പറയുകയും പ്രചരിപ്പിക്കുകയും ചെയ്തത് വഴിയാണല്ലോ അവർ അനഭിമതരായിത്തീർന്നത്. ജനങ്ങൾക്ക് ഇഷ്ടമില്ലാത്ത കാര്യങ്ങൾ മറച്ചുവെക്കുകയോ മനസിലാകാത്ത ഭാഷയിൽ പറയുകയോ ചെയ്യുക ഭീരുത്വമാണ്. സത്യസന്ദേശമെത്തിക്കുവാൻവേണ്ടി നിയോഗിക്കപ്പെട്ട പ്രവാചകന്മാർ ധീരരും തങ്ങളുടെ പ്രവർത്തനങ്ങൾവഴി ഭൗതികമായ നേട്ടം കാംക്ഷിക്കാത്തവരുമായിരുന്നതിനാലാണ് സത്യം തുറന്ന് പറയുവാൻ അവർ സന്നദ്ധരാവുകയും അതുവഴി സമൂഹത്തിൻെറ അനിഷ്ടത്തിന് പാത്രമാവുകയും ചെയ്തത്. പരലോകമോക്ഷം മാത്രം കാംക്ഷിച്ചു കൊണ്ട് പ്രബോധന പ്രവർത്തനങ്ങളിലേർപ്പെട്ടവർക്ക് പ്രവാചകന്മാരാണ് മാതൃകയായിത്തീരേണ്ടത്.

‘അല്ലാഹുവിങ്കൽ മതമെന്നാൽ ഇസ്‌ലാമാണ്, തീർച്ച’ (3:19)യെ ന്നും ‘ഇസ്‌ലാമല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്നപക്ഷം അത് അവനിൽനിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുകയില്ല; പരലോകത്ത് അവൻ നഷ്ടക്കാരിൽപെട്ടവനുമായിരിക്കും’ (3:85)മെന്നുമുള്ള ഖുർആനിക പ്രസ്താവനകൾ സമർത്ഥിക്കുകയാണ് പ്രബോധകൻ ചെയ്യേണ്ടത്. ഇത് സമർത്ഥിക്കുവാനാണ് മറച്ചുവെക്കുവാനല്ല, യുക്തിദീക്ഷയും സദുപദേശങ്ങളും സംവാദങ്ങളുമെല്ലാം ഉപയോഗപ്പെടുത്തേണ്ടത്. സത്യമതം മാത്രമാണ് മോക്ഷമാർഗമെന്ന് സമർത്ഥിക്കുന്നത് യുക്തിദീക്ഷക്ക് വിരുദ്ധമാണെന്ന് കരുതുന്നവർ പ്രവാചകന്മാരുടെ പ്രബോധനത്തിൽനിന്ന് പാഠമുൾക്കൊള്ളാത്തവരാണ്. ഇസ്‌ലാം മാത്രമാണ് സത്യമെന്ന് സ്ഥാപിക്കാതെയുള്ള പ്രബോധന സംരംഭങ്ങൾ സർവ്വമത സത്യവാദത്തിൻെറ സന്ദേശമാണ് പലപ്പോഴും ശ്രോതാവിന് നൽകുന്നത്. സമയവും ഊർജവും

ഏറെ വൃഥാവിലാകുന്ന സർവമത സത്യവാദത്തിൻെറ പ്രചാരണങ്ങൾകൊണ്ട് ഇഹത്തിലോ പരത്തിലോ യാതൊരു നേട്ടവുമുണ്ടാകാൻ പോകുന്നില്ല.